പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1569

15-02-2016 ൽ മറുപടിക്ക്

## കാർഷിക വായ്പ

**ചോദ്യം**

പ്രൊഫ. സി. രവീന്ദ്രനാഥ്

**മറുപടി**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) യഥാസമയം കാർഷിക വായ്പാതുക തിരിച്ചടക്കുന്ന കർഷകരുടെ പലിശ സബ്സിഡിയിനത്തിൽ 2015-2016 ൽ വകയിരുത്തിയ തുക എത്രയായിരുന്നെന്നും ഇതിൽ കർഷകർക്ക് നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ? | (എ) | യഥാസമയം കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡിയായി നൽകുന്ന ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം 2015-16 വർഷം വകയിരുത്തിയ 1 കോടി രൂപയും മുൻവർഷത്തെ ബാക്കി നിൽപ്പ് തുകയായ 14,43,002/- രൂപയും ചേർത്ത് ആകെ 1,14,43,002/- രൂപ ഉണ്ടായിരുന്നതിൽ 1,14,24,895/- രൂപ ഇതിനകം കർഷകർക്ക് ഇളവ് നൽകിയ ഇനത്തിൽ സർവ്വീസ് സഹകരണ ബാങ്കുകൾക്ക് നൽകാനുള്ളത് നൽകുന്നതിനായി ജില്ലാ സഹകരണ ബാങ്കുകൾ മുഖേന സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ